## പതിമൂന്നാം കേരള നിയമസഭ

### എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3177** **03.04.2013 ൽ മറുപടിയ്ക്ക്.**

### മണ്ണ് സംരക്ഷണ പരിപാടി

**ചോദ്യം**

ശ്രീ. വി.ശശി

**മറുപടി**

ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

(എ) തിരുവനന്തപുരം ജില്ലയിലെ മണ്ണ് സംരക്ഷണ പരിപാടികൾക്കായി 2012-13 ലെ ബജറ്റ് വിഹിതത്തിൽ ഉൾപ്പെടുത്തിയ 369.08 ലക്ഷം രൂപയിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ ;

(എ) മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിന്റെ 2012-13 ലെ സംസ്ഥാനാവിഷ്കൃത പദ്ധതികൾക്കുള്ള ബജറ്റ് വിഹിതത്തിൽ നബാർഡ് സാമ്പത്തിക സഹായത്തോടെയുള്ള RIDF പദ്ധതികൾക്ക് 1600 ലക്ഷം രൂപയും, അരുവിക്കര ശുദ്ധജലവിതരണ പദ്ധതിയുടെ വൃഷ്ടി പ്രദേശത്തെ സംരക്ഷണത്തിനുള്ള പദ്ധതിയ്ക്ക് 20 ലക്ഷം രൂപയുമാണ് വകയിരുത്തിയിരുന്നത്.

ഈ ബജറ്റ് വിഹിതത്തിൽ നിന്നും തിരുവനന്തപുരം ജില്ലാ മണ്ണ് സംരക്ഷണ ഓഫീസ് മുഖേന RIDF പദ്ധതിയിൽ 136.989 ലക്ഷം രൂപയും, അരുവിക്കര അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസ് മുഖേന RIDF പദ്ധതിയിൽ 61 ലക്ഷം രൂപയും, ശുദ്ധജല സംഭരണിയുടെ വൃഷ്ടി പ്രദേശത്തെ സംരക്ഷണത്തിനായുള്ള പദ്ധതിയിൽ നൽകിയ തുകയായ 13 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. എല്ലാ ഓഫീസുകളും നൽകിയ ബജറ്റ് വിഹിതം പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്.

ഇത് കൂടാതെ ദേശീയ നീർമറി വികസന പദ്ധതിയിൽ നൽകിയ തുകയായ 38.70 ലക്ഷം രൂപ തിരുവനന്തപുരം ജില്ലാ മണ്ണ് സംരക്ഷണ ഓഫീസ് മുഖേനയും, 19 ലക്ഷം രൂപ അരുവിക്കര അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ് മുഖേനയും ചെലവഴിച്ചിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയുടെ വിഹിതമായ 369.08 ലക്ഷം രൂപ തിരുവനന്തപുരം ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ മുഖേന RIDF ന്റെ 12 മുതൽ 17 വരെയുള്ള ഘട്ടത്തിൽ ഉൾപ്പെട്ട രണ്ടു മുതൽ മൂന്നു വർഷം വരെ കാലയളവിൽ പൂർത്തീകരിക്കേണ്ടതായ പ്രവർത്തനങ്ങൾക്കുള്ള അടങ്കൽ തുകയാണ്.

| | |
|---|---|
| (ബി) ബജറ്റിൽ ഉൾപ്പെടുത്തിയ തുകയ്ക്ക് എന്തെല്ലാം പരിപാടികളാണ് നിർദ്ദേശിക്കപ്പെട്ടത്; അതിൽ എന്തെല്ലാം പരിപാടികൾ ഈ വർഷം പൂർത്തീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ? | (ബി) സംസ്ഥാന ബജറ്റിൽ ഉൾപ്പെടുത്തിയ തുക തിരുവനന്തപുരം ജില്ലയിൽ നടപ്പിലാക്കി വരുന്ന നബാർഡ് സാമ്പത്തിക സഹായത്തോടെയുള്ള നീർത്തടാധിഷ്ഠിത പദ്ധതികൾക്കും (ആർ.ഐ.ഡി.എഫ്), അരുവിക്കര/ശുദ്ധ ജലവിതരണ പദ്ധതിയുടെ വൃഷ്ടി പ്രദേശത്ത് നടപ്പിലാക്കുന്ന വാട്ടർഷെഡ് പദ്ധതിയ്ക്കുമായിട്ടാണ് വകയിരുത്തിയിട്ടുള്ളത്. ആർ.ഐ.ഡി.എഫ് -ന്റെ വിവിധ ഘട്ടങ്ങളിലുൾപ്പെട്ട കുണ്ടാമൂഴി, ളുങ്ങായിൽ, അരൂർ, അയിരൂർപ്പാറ, മാടശ്ശേരി, താന്നിമൂട്, മൂഴിയിൽ, ഈഞ്ചപ്പുരി, കുളപ്പട എന്നീ വാട്ടർഷെഡ് പദ്ധതികളിലും, 'പേരില' വാട്ടർഷെഡിലുമായി മൊത്തം 210.989 ലക്ഷം രൂപ ചെലവഴിച്ച് കല്ലുകയ്യാല, മൺകയ്യാല, പുല്ല് വച്ചു പിടിപ്പിക്കൽ, തടയണ, മഴ വെള്ള സംഭരണി, സ്റ്റെപ് ടെറസ്, പാർശ്വഭിത്തി നിർമ്മാണം, കുളം, റബ്ബറിന് പ്ലാറ്റ്ഫോം നിർമ്മാണം, മഴക്കുഴി നിർമ്മാണം, റിങ്ങ്പോണ്ട് എന്നീ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.<br><br>ഇതു കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ നീർമറി വികസന പദ്ധതിയിൽ ഉൾപ്പെട്ട അതിയന്നൂർ, വയ്യാക്കാവ്, മലയം എന്നീ സബ് വാട്ടർഷെഡുകളിൽ 57.70 ലക്ഷം രൂപയുടെ പദ്ധതി പ്രവർത്തനങ്ങളും നടപ്പിലാക്കിയിട്ടുണ്ട്.<br><br>മൊത്തം 2012-13 സാമ്പത്തിക വർഷം തിരുവനന്തപുരം ജില്ലയിൽ 268.60 ലക്ഷം രൂപ വിവിധ പദ്ധതികളിലായി ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.